ദിവസത്തിന്നു പ്രകാശം നൽകുന്ന പത്രം

എൻ. വി. കൃഷ്ണവാരിയർ

(ഡയറക്ടർ, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്)

''എന്റെ ജീവിതത്തിലെ ഏറ്റവും നല്ല പതിനേഴിലേറെ കൊല്ലങ്ങൾ ഞാൻ മാതൃഭൂമിയിലാണ് ചെലവഴിച്ചത്. പത്രാധിപർ മുതൽ പ്യൂൺ വരെ എല്ലാവരേയും ഒരേ ചരടിൽ ബന്ധിപ്പിച്ചു നിർത്തിയിരുന്ന ഒരുതരം കുടുംബബോധം മാതൃഭൂമിയിൽ നിലവിലുണ്ടായിരുന്നു. മാതൃഭൂമിയിലെ ജോലി വിട്ടതിന്നു ശേഷം അഞ്ചു കൊല്ലം തികയാറായിട്ടും മാതൃഭൂമിയുടെ പശ്ചാത്തലമാണ് ഇന്നു എന്റെ പല സ്വപ്നങ്ങൾക്കുമുള്ളത്''

വായനക്കാരനും എഴുത്തുകാരനും താൻ വായിക്കുകയും കൃതികൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്ന പത്രത്തോടുള്ള ബന്ധത്തിനു പുറമെ, ജോലിക്കാരനു താൻ പ്രവർത്തിക്കുന്ന സ്ഥാപനത്തോടുള്ള ബന്ധവും എനിക്കു ''മാതൃഭൂമി''യോടുണ്ട്.

ഞാൻ ''മാതൃഭൂമി'' ദിനപത്രം വായിച്ചു തുടങ്ങിയതു് എന്നാണെന്നു് നല്ല ഓർമ്മയില്ല. എന്നാലും, 1930—ൽ മഹാത്മാഗാന്ധിയുടെ ഐതിഹാസികമായ ദണ്ഡിയാത്രയും അതിനെത്തുടർന്നു് ഇന്ത്യയിലാകെ നടന്ന ആവേശകരമായ നിയമലംഘന പ്രസ്ഥാനവും, അതിനെ അടിച്ചമർത്താൻ ബ്രിട്ടീഷ് ഗവർമ്മേണ്ട് കൈക്കൊണ്ട ഭീകര മർദ്ദനങ്ങളും എല്ലാം എന്റെ കിശോര ചേതനയിലേക്കു കടന്നു വന്നതു് ''മാതൃഭൂമി''യിലൂടെ ആയിരുന്നു. പത്രം വായിക്കുന്നവരായിരുന്നില്ല എന്റെ വീട്ടുകാർ. ഞാൻ പഠിച്ചിരുന്ന സംസ്കൃത വിദ്യാലയത്തിലെ അദ്ധ്യാപകരും പൊതുക്കാര്യങ്ങളിൽ തല്പരരായിരുന്നില്ല. എന്നാൽ സ്കൂളിന്നടുത്തുള്ള അങ്ങാടിയിൽ ചെമ്പു പണങ്ങളിൽ സ്വർണ്ണം പൂശുന്ന ഒരു കടയിൽ ചെന്നാൽ ''മാതൃഭൂമി' വായിക്കുകയും ദേശീയ നേതാക്കന്മാരുടെ കാർഡ് വലുപ്പത്തിലുള്ള ചിത്രങ്ങൾ ചുരുങ്ങിയ വിലക്കു വാങ്ങുകയും ചെയ്യാമായിരുന്നു. നിരായുധ ഭാരതത്തിന്റെ സമരായുധങ്ങളായിരുന്ന തക്ലിയും പരുത്തിയും വിൽക്കുകയും നൂൽ വാങ്ങുകയും ചെയ്യാൻ കൂടി തുടങ്ങിയതോടെ ഈ കട കുറെക്കാലത്തേക്കു് ആ പ്രദേശത്തിലെ ഏറ്റവും വലിയ വിപ്ലവ സ്ഥാപനമായിത്തീർന്നു! സ്വാതന്ത്ര്യബോധമെന്ന പോലെ, ഗുരുവായൂർ സത്യാഗ്രഹം ഉയർത്തിക്കൊണ്ടുവന്ന സാമൂഹ്യ നീതിയുടെ പ്രശ്നങ്ങളും ഞാൻ ഉൾക്കൊണ്ടതു് ഈ കടയിലിരുന്നു് ''മാതൃഭൂമി'' പാരായണം ചെയ്തിട്ടാണ്.

1931 മദ്ധ്യത്തിൽ തൃപ്പൂണിത്തുറ സംസ്കൃത കോളേജിൽ ചേർന്നതോടുകൂടി ''മാതൃഭൂമി'' വായന ഒരു ശീലമായിത്തീർന്നു. ആ ശീലം ഇന്നും തുടരുന്നു. ഈ നാല്പത്തൊന്നു് വർഷങ്ങളിൽ പലപ്പോഴും ''മാതൃഭൂമി''യുടെ അഭിപ്രായങ്ങളോടും, വാർത്തകളുടെ ആവിഷ്ക്കരണത്തിൽ ഉപയോഗിക്കുന്ന തന്ത്രങ്ങൾ വഴി വായനക്കാരുടെ അഭിപ്രായ രൂപവൽക്കരണത്തെ ചില പ്രത്യേക രീതികളിൽ സ്വാധീനിക്കാൻ നടത്തുന്ന ശ്രമങ്ങളോടും (തനതായ ഒരു സന്ദേശമുള്ള ഏതു പത്രവും ഇത്തരം ശ്രമങ്ങൾ നടത്തിയേ മതിയാവൂ —) വിയോജിപ്പു തോന്നാതിരുന്നിട്ടില്ല. എങ്കിലും, ''മാതൃഭൂമി''യിലൂടെ കണ്ണോടിക്കാത്ത ഒരു ദിവസത്തിന്നു് പ്രകാശം തെല്ലു് കുറവാണെന്ന അനുഭവം അപ്പോഴും നിലവിലിരുന്നു.

രാവണവധാന്തത്തിലെ വിഭീഷണൻ

സംസ്കൃതകോളേജിൽ, ''കേരളഭാഷാപോഷിണി'' എന്ന പേരിൽ ഒരു സാഹിത്യ സമാജം നടന്നു വന്നിരുന്നു. മാസത്തിൽ രണ്ടു തവണ ചേരുന്ന ഈ സമാജത്തിന്റെ യോഗങ്ങളിൽ വെച്ചാണ് ഞാൻ മലയാളം എഴുതാനും പൊതുവേദികളിൽ സംസാരിക്കാനും പഠിച്ചതു്. നിർദ്ദിഷ്ട വിഷയങ്ങളെപ്പറ്റി നിർദ്ദിഷ്ട വിഷയങ്ങളിൽ കവിത എഴുതി വായിക്കുക ഈ സമാജത്തിന്റെ പരിപാടികളിൽ ഒന്നായിരുന്നു. 1936ലോ മറ്റോ, ''രാവണവധാന്തത്തിലെ വിഭീഷണൻ'' എന്ന ഒരു കവിത ഈ സമാജത്തിന്റെ വാർഷികയോഗത്തോടനുബന്ധിച്ച നടന്ന മത്സര പരീക്ഷക്കു വേണ്ടി ഞാൻ എഴുതി. 'മാതൃഭൂമി'' ആഴ്ചപ്പതിപ്പിൽ ലേഖനങ്ങൾ അതിന്നു മുമ്പു തന്നെ പ്രസിദ്ധം ചെയ്യാറുള്ള എന്റെ ഒരു സുഹൃത്ത് ഈ കവിത ആഴ്ചപ്പതിപ്പിന്നയച്ചു കൊടുത്തു. നേരിട്ടു് അതു് അയക്കാനുള്ള ധൈര്യമോ, ആഴ്ചപ്പതിപ്പിൽ അതു പ്രസിദ്ധം ചെയ്യുമെന്ന വിശ്വാസമോ, പ്രസിദ്ധം ചെയ്യണമെന്ന ആഗ്രഹം തന്നെയോ എനിക്കു് അന്നില്ലായിരുന്നു. ആഴ്ചപ്പതിപ്പിന്റെ ഒന്നാമത്തെ പേജിൽ ഈ കവിത മാത്രമായി പ്രസിദ്ധപ്പെടുത്തി വന്നപ്പോൾ മറ്റാരേയുംകാൾ അത്ഭുതസ്തബ്ധനായതു് ഞാനായിരുന്നു! മലയാളത്തിൽ എഴുതാൻ കഴിയുമെന്ന ആത്മവിശ്വാസം എനിക്കു് കൈവന്നു. തുടർന്നു് ഞാൻ ഗദ്യപദ്യ രചനകൾ നേരിട്ടു് ആഴ്ചപ്പതിപ്പിന്നു് അയക്കാൻ തുടങ്ങി. ഇവയിൽ പലതും പ്രസിദ്ധീകൃതങ്ങളായി, ഒട്ടേറെ എണ്ണം നിരാകരിക്കപ്പെടുകയും ചെയ്തു. എന്റെ രചനകളിലെ തെറ്റുകളും കുറവുകളും കണ്ടെത്തി പരിഹരിക്കുന്നതിനുള്ള പ്രേരണ ഈ നിരാകരണങ്ങൾ എനിക്കു നൽകി.

1942—ൽ അദ്ധ്യാപക ജോലി രാജി വെച്ച് ഞാൻ ''ക്വിറ്റ് ഇന്ത്യാ'' സമരത്തിൽ ചേർന്നു. ക്രമേണ സഹപ്രവർത്തകരിൽ അധികം പേരും ജയിലിലാവുകയും പ്രവർത്തന മാർഗ്ഗങ്ങൾ ഒന്നൊന്നായി അടയുകയും ചെയ്തു. ഇതോടൊപ്പം സാമ്പത്തികമായ ഞെരുക്കവും വർദ്ധിച്ചു. ഒരു നേരത്തെ ഭക്ഷണത്തിന്നു് വകയില്ലാതിരുന്ന അക്കാലങ്ങളിലാണ് ലേഖനങ്ങൾക്ക് പ്രതിഫലം തരുമോ എന്നു് ''മാതൃഭൂമി'' പത്രാധിപരോടു് ഞാൻ ആരാഞ്ഞതു്. പദ്യത്തിന്നു് കോളത്തിന്നു് നാലു രൂപയും ഗദ്യത്തിന്നു് കോളത്തിന്നു് ആറണയും വീതം പ്രതിഫലം എനിക്കു കിട്ടിത്തുടങ്ങി. തലക്കെട്ടും ചിത്രങ്ങളും നീക്കി അളന്നാണ് കോളം കണക്കാക്കിയിരുന്നതു്. ''ഒരു പഴയ പാട്ട്'' എന്ന കവിതക്കു് പതിനാറു് രൂപ പ്രതിഫലം കിട്ടിയപ്പോൾ എന്റെ ആഹ്ലാദത്തിന്നു് അതിരുണ്ടായിരുന്നില്ല. നിശ്ചിത മാസ വരുമാനമില്ലാതെ തന്നെ പൊതു പ്രവർത്തനം തുടരാൻ സാധിക്കുമെന്ന വിശ്വാസം എന്നിലുളവായി.

ജീവിതത്തിലെ വഴിത്തിരിവ്

ബോംബെയിൽ മാതൃഭൂമിയുടെ ലേഖകനായിരുന്ന ശ്രീ വി. എം. കേശവൻ നായർ 1943—ൽ എന്റെ ജീവിതത്തിലേക്കു കടന്നു വന്നു. എന്റെ ജീവിതത്തിലെ നിർണ്ണായകമായ ഒരു സൌഹാർദ്ദബന്ധമായിരുന്നു അതു്. ''സ്വതന്ത്ര ഭാരതം'' എന്ന അണ്ടർ ഗ്രൌണ്ട് പത്രം പ്രസിദ്ധപ്പെടുത്തുന്നതിൽ ശ്രീ കേശവൻനായരെ സഹായിക്കുക എന്റെ ചുമതലയായി. ഇക്കാലത്ത് ഒരു ദിവസം രാത്രി മാതൃഭൂമി മാനേജർ ശ്രീ കൃഷ്ണൻനായരെ അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നു കണ്ടതു് എനിക്കോർമ്മയുണ്ട്. ശ്രീ കേശവൻനായരും മറ്റും ജയിലിലായതിനുശേഷം, കോടതിയിൽ കീഴരിയൂർ ബോംബ് കേസ്സ് നടത്തുന്നതിനും മറ്റുമായി കോഴിക്കോട്ട് താമസിക്കേണ്ടി വന്നപ്പോൾ ''മാതൃഭൂമി''യിൽ ഞാനൊരു നിത്യ സന്ദർശകനായി. അന്നു് ''മാതൃഭൂമി'' പത്രാധിപരായിരുന്ന ശ്രീ എം. കെ. രാജ അദ്ധ്യക്ഷനായുള്ള കീഴരിയൂർ ബോംബ് കേസ് ഡിഫൻസ് കമ്മിറ്റിയുടെ സിക്രട്ടറിയായി ഞാൻ പ്രവർത്തിച്ചു പോന്നു. ''ഹിന്ദുസ്ഥാൻ ടൈംസ്'' വക ഒരു ഇംഗ്ലീഷ് പ്രസിദ്ധീകരണം നിരൂപണം ചെയ്തു കൊണ്ട് അക്കാലത്തു് ഞാനെഴുതിയ ഒരു ലേഖനം പ്രസിദ്ധപ്പെടുത്തിയതിനെ ആസ്പദമാക്കി ''മാതൃഭൂമി'' ദിനപത്രം പട്ടാളക്കാർക്കിടയിൽ വിതരണം ചെയ്യുന്നതു ഗവർമ്മേണ്ട് നിരോധിക്കുകയുണ്ടായി.

''മാതൃഭൂമി''യിൽ ഒരു ജോലിക്കാരനായി ചേരുവാൻ ആദ്യമായി എന്നെ പ്രേരിപ്പിച്ചതു് ശ്രീ കേശവൻനായരായിരുന്നു. ജയിലിൽ നിന്നു വിട്ട ശേഷം ശ്രീ കേശവൻനായർ മദിരാശിയിൽ മാതൃഭൂമിയുടെ ഒരു പുതിയ ആപ്പീസ്സ് സംഘടിപ്പിക്കുവാൻ നിയുക്തനായി. ഒരു ഗവേഷണ വിദ്യാർത്ഥിയെന്ന നിലയിൽ ഞാനും അന്നു മദിരാശിയിലുണ്ടായിരുന്നു. എങ്കിലും, ''മാതൃഭൂമി''യുടെ സ്റ്റാഫിൽ ചേരുന്നതിൽ, എന്തുകൊണ്ടോ, അന്നു് എനിക്കു താല്പര്യം തോന്നിയില്ല. ഞാൻ തൃശ്ശൂരിൽ കേരള വർമ്മ കോളേജിൽ മലയാളം അദ്ധ്യാപകനായിരുന്ന കാലത്തു്, 1951 ജൂൺ മാസത്തിൽ, ''മാതൃഭൂമി''യുടെ മാനേജിങ്ങ് ഡയറക്ടർ ശ്രീ കുറൂർ നമ്പൂതിരിപ്പാട് ആഴ്ചപ്പതിപ്പിന്റെ പത്രാധിപത്യം ഏൽക്കാമോ എന്നു് ചോദിച്ചപ്പോഴും എനിക്കു് ആഹ്ലാദത്തെക്കാളേറെ ആശങ്കകളാണുണ്ടായിരുന്നതു്. അടുത്ത മാസത്തിൽ പത്രാധിപർ ശ്രീ വി. എം. നായർ ആവശ്യപ്പെട്ടതനുസരിച്ച് ഞാൻ കോഴിക്കോട്ട് ചെന്നു് അദ്ദേഹത്തെ കണ്ടപ്പോഴും, എന്റെ സംശയങ്ങൾ ബാക്കിനിന്നു. അദ്ധ്യാപകവൃത്തിയിൽ തുടർന്നുകൊണ്ടു തന്നെ സാഹിത്യ പരിശ്രമങ്ങൾ തുടരാനാണ് കേരള വർമ്മ കോളേജിലെ പ്രിൻസിപ്പാളായിരുന്ന ശങ്കരൻ നമ്പ്യാർ ഉപദേശിച്ചതു്. കേരളത്തിലൊരു സോഷ്യലിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിനുള്ള പ്രയത്നങ്ങളിൽ ഞാൻ അന്നു് തല്പരനായിരുന്നു. സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ മുഖപത്രങ്ങളായി തൃശ്ശൂരിൽ നിന്നു പ്രസിദ്ധം ചെയ്തിരുന്ന ''സ്വതന്ത്രഭാരതം'', ''കേരളജനത'' എന്നിവയും, അദ്ധ്യാപക പ്രസ്ഥാനത്തിന്റെ മുഖപത്രമായി തൃശ്ശൂരിൽ നിന്നു നടത്തിയിരുന്ന ''ജനയുഗ''വുമായി എനിക്കു് നേരിട്ടു ബന്ധമുണ്ടായിരുന്നു. എന്റെ ഈ പശ്ചാത്തലം ''മാതൃഭൂമി''യോടു പൊരുത്തപ്പെടുവാൻ തടസ്സമാകുമോ എന്നതായിരുന്നു എന്റെ ഭയം. എന്തായാലും, ജീവിതത്തിലൊരു വഴിത്തിരിവിന്നു് വക നൽകുന്നതെന്ന നിലയിൽ ശ്രീ വി. എം. നായരുടെ നിർദ്ദേശം ഞാൻ സ്വീകരിക്കുകയും, 1951 ആഗസ്റ്റ് 13—ാംനു ''മാതൃഭൂമി''യിൽ അസിസ്റ്റന്റ് എഡിറ്ററുടെ ജോലി സ്വീകരിക്കുകയും ചെയ്തു. 1968 ആഗസ്റ്റ് 30—ാംനു പിരിയുന്നതു വരെ ഞാൻ ഈ ജോലിയിൽ തുടർന്നു.

ആഴ്ചപ്പതിപ്പും യുഗപ്രഭാതും

എന്റെ ജീവിതത്തിന്റെ, ഏറ്റവും നല്ല പതിനേഴിലേറെ വർഷങ്ങൾ ഞാൻ ''മാതൃഭൂമി''യിലാണ് ചെലവഴിച്ചതു്. ഈ കാലമത്രയും ആഴ്ചപ്പതിപ്പിന്റെ ചുമതല എന്നിൽ നിക്ഷിപ്തമായിരുന്നു. ആഴ്ചപ്പതിപ്പിന്നു പുറമെ ''യുഗപ്രഭാത്'' എന്ന ഹിന്ദിപാക്ഷികം ആരംഭിക്കുകയും പന്ത്രണ്ടു് വർഷം അതിന്റെ പത്രാധിപത്യം വഹിക്കുകയും ചെയ്തു. ദിനപത്രത്തിലേക്കു് ഏതാണ്ടൊരു ആഴ്ചയിൽ ഒരു മുഖപ്രസംഗത്തിൽ കുറയാതെ ഞാൻ എഴുതിയിരുന്നു. ഐക്യ കേരള പ്രക്ഷോഭണം സംബന്ധിച്ച മുഖ പ്രസംഗ പരമ്പര മിക്കവാറും മുഴുവനും ഞാനെഴുതിയതാണ്. ''മാതൃഭൂമി''യിൽ എനിക്കു ധാരാളം ജോലിയുണ്ടായിരുന്നു!

രണ്ടു പത്രാധിപന്മാരുടെ—ശ്രീ വി. എം. നായരുടേയും ശ്രീ കേശവമേനോന്റെയും—കീഴിൽ ഞാൻ ജോലി ചെയ്തിട്ടുണ്ട്. സമകാല ജീവിതത്തിൽ ആഞ്ഞടിക്കുകയും ഭാവിയെ രൂപപ്പെടുത്തുന്നതിൽ സ്വാധീനം ചെലുത്തുകയും ചെയ്യുന്ന എല്ലാ ചിന്താധാരകൾക്കും ആവിഷ്ക്കരണം നൽകുകയാണ് ഇന്നത്തെ പത്രപ്രവർത്തകന്റെ ധർമ്മമെന്നു ഞാൻ കരുതി. പത്രപ്രവർത്തക ധർമ്മത്തെപ്പറ്റിയുള്ള ഈ ധാരണയിൽ വിട്ടുവീഴ്ചക്കു തയ്യാറല്ലാതിരുന്നതു നിമിത്തം, ''മാതൃഭൂമി''യുടെ ഔദ്യോഗിക നയത്തിൽ നിന്നു ചിലപ്പോഴെല്ലാം എനിക്കു വ്യതിചലിക്കേണ്ടി വന്നിട്ടുണ്ട്. അത്ര സുഖകരമല്ലാത്ത ഉരസലുകൾക്ക് ഇതു് സംഗതി വരുത്തിയിട്ടുണ്ടെന്നും സമ്മതിക്കേണ്ടിയിരിക്കുന്നു. ആഴ്ചപ്പതിപ്പിന്റെയും ''യുഗപ്രഭാതി''ന്റെയും നടത്തിപ്പിൽ, ദീർഘമായ സേവനത്തിന്നിടയിൽ മുകളിൽനിന്നു് ഒരു വിധത്തിലുള്ള ഇടപെടലും എനിക്കുണ്ടായിട്ടില്ല. ദിനപത്രത്തിലാണെങ്കിൽ ഉത്തമവിശ്വാസത്തോടു കൂടിയല്ലാതെ ഒരു വരിപോലും എനിക്ക് എഴുതേണ്ടതായി വന്നിട്ടില്ല.

ആഴ്ചപ്പതിപ്പിലും ''യുഗപ്രഭാതി''ലും ഏതു തരം പരിഷ്ക്കാരങ്ങളും നടപ്പിലാക്കുന്നതിൽ എനിക്കു പൂർണ്ണ സ്വാതന്ത്ര്യമുണ്ടായിരുന്നു. ആഴ്ചപ്പതിപ്പിൽ ആദ്യമായി ഞാൻ വരുത്തിയ മാറ്റം, ''ബാലപംക്തി''യുടെ ചുമതല അതു വരെ നിർവ്വഹിച്ചിരുന്ന ഒരു ഡയറക്ടറുടെ പദവിയിൽ നിന്നെടുത്ത് താരതമ്യേന അജ്ഞാതനായിരുന്ന ഒരു യുവാവിന്നു് ഏല്പിച്ചു കൊടുക്കുകയായിരുന്നു. ഒരു മുറുമുറുപ്പും കൂടാതെ ഇതു സഹിക്കപ്പെട്ടതു് എനിക്കു ധൈര്യം നൽകി. ദേശീയ നേതാക്കന്മാരുടെ ചിത്രങ്ങൾ വീണ്ടും വീണ്ടും മുഖചിത്രങ്ങളാക്കുന്ന ഏർപ്പാടും, ദേശീയ പ്രസ്ഥാനം സംബന്ധിച്ച് നാഷനൽ പ്രസ് സിൻഡിക്കേറ്റ് പ്രചരിപ്പിക്കുന്ന ലേഖനങ്ങൾ തർജ്ജമ ചെയ്തു പ്രസിദ്ധപ്പെടുത്തുന്ന സമ്പ്രദായവും ഞാൻ നിർത്തി വെച്ചു. ആഴ്ചപ്പതിപ്പിനെ സമകാല കേരളീയ ജീവിതത്തിൽ പ്രസക്തിയുള്ള ഒന്നാക്കിത്തീർക്കാൻ ഞാൻ ശ്രമിച്ചു. സിനിമാ നിരൂപണത്തിന്റെ പേരിൽ താരപൂജാ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന ഏർപ്പാടു നിർത്തി. പകരം, ഒരു സമ്പൂർണ്ണ കലാസൃഷ്ടിയെന്ന നിലയിൽ, വിഷയം, ഇതിവൃത്തം, അഭിനയം, സങ്കേതം, മുതലായ ഘടകങ്ങളെ സൌന്ദര്യാവബോധത്തിന്റെ ഉര കല്ലിൽ മാറ്റു നോക്കുന്ന തരത്തിലുള്ള സിനിമാ നിരൂപണങ്ങൾ പ്രസിദ്ധം ചെയ്തു തുടങ്ങി. ഒരു പ്രസിദ്ധ സിനിമാ നിർമ്മാതാവുമായി അസൌകര്യകരമായ ഒരു കേസ്സിന്നു് ഇടവന്നതിന്നു ശേഷവും, പത്രാധിപരുടേയോ മാനേജ്മെന്റിന്റെയോ ഭാഗത്തു നിന്നു് അസുഖത്തിന്റെ ഒരു സൂചന പോലും ഉണ്ടായില്ല. ''മാതൃഭൂമി''യിൽ പൂർണ്ണമായ ''തൊഴിൽ തൃപ്തി'' എനിക്കുണ്ടായിരുന്നു. ഇതിന്റെ ഒരു ഫലം, ''മാതൃഭൂമി''യിലെ പ്രവർത്തനവുമായി എന്റെ ജീവിതം പൂർണ്ണമായും താദാത്മ്യപ്പെട്ടു പോയതാണ്, അതിൽനിന്നു വ്യതിരിക്തമായ ഒരു ജീവിതം തന്നെ എനിക്കില്ലെന്ന നില വന്നു ചേർന്നതാണ്.

കുടുംബബോധം

എന്നെസ്സംബന്ധിച്ചേടത്തോളം ''മാതൃഭൂമി'' ഒരു കുടുംബം തന്നെയായിരുന്നു—ആയിരുന്നു എന്നല്ല ആണ് എന്നത്രെ പറയേണ്ടതു്. ശ്രീ കേശവമേനോൻ, ശ്രീ വി. എം. നായർ, ശ്രീ ദാമോദരമേനോൻ, ശ്രീ കൃഷ്ണൻ നായർ, ശ്രീ കുഞ്ഞപ്പനായർ—ഏതു് പ്രശ്നവുമായി സമീപിക്കുമ്പോഴും അങ്ങേഅറ്റത്തെ സഹതാപവും ഔദാര്യവും സ്നേഹവും ഇവരിൽ നിന്നു് എനിക്കു ലഭിച്ചു വരുന്നുണ്ട്. ശ്രീ മാധവനാരാകട്ടെ എന്റെ വീട്ടിലെ അംഗം തന്നെയാണ്. ഇങ്ങിനെ പേരുകളെടുത്തു പറയുന്നതു ശരിയല്ല. പത്രാധിപർ മുതൽ പ്യൂൺ വരെ എല്ലാവരെയും ഒരേ ചരടിൽ ബന്ധിച്ചു നിർത്തിയിരുന്ന ഒരു തരം കുടുംബ ബോധം മാതൃഭൂമിയിൽ, വിശേഷിച്ചും അതിന്റെ വികസിച്ചു വലുതാവുന്നതിനു മുമ്പ്, നിലവിലുണ്ടായിരുന്നു. ജപ്പാനിലെ ചില വ്യവസായ സ്ഥാപനങ്ങളിൽ മാത്രമേ ഇത്തരമൊരു സവിശേഷബന്ധം നിലനിൽക്കുന്നതായി കേട്ടിട്ടുള്ളൂ. ഇതു നിമിത്തം, ''മാതൃഭൂമി' യിലെ ജോലി രാജി വെച്ചൊഴിഞ്ഞ് അഞ്ച് വർഷം തികയാറായിട്ടും, മാതൃഭൂമിയുടെ പശ്ചാത്തലമാണ് ഇന്നും എന്റെ പല സ്വപ്നങ്ങൾക്കുമുള്ളതു്.

''മാതൃഭൂമി'' ജൂബിലിയാഘോഷിക്കുകയാണ്. ''മാതൃഭൂമി''യുടെ വിശാലതരമായ ജീവിതവുമായി എന്റെ എളിയ ജീവിതത്തിനു ബന്ധമുണ്ടായതിൽ, എന്റെ വ്യക്തി ജീവിതം മാതൃഭൂമിയുടെ സമഷ്ടി ജീവിതത്തിന്റെ ഒരു ഘടകമായതിൽ, തീർച്ചയായും എനിക്കു ചാരിതാർത്ഥ്യമുണ്ട്. ഈ ജൂബിലി എന്റേതു കൂടിയാണ്.

ചാരിത്രശുദ്ധി ഉള്ള പത്രം

(XIV—ാം പേജിൽ നിന്നു തുടർച്ച)

യെ ആശ്രയിക്കുന്നതിൽ പ്രത്യേക താല്പര്യം തോന്നാനുള്ള പ്രധാന കാരണം അതാണ്. വാർത്തകളുടെ വൈവിദ്ധ്യവും വൈപുല്യവും മാത്രമല്ല, വാർത്തകൾ തിരഞ്ഞെടുക്കുന്നതിൽ കാണിക്കാറുള്ള വിവേകപൂർവ്വമായ വിവേചനവും സമഭാവനയും മാതൃഭൂമിയുടെ ശ്ലാഘനീയമായ സവിശേഷതകളാണ്. സാംസ്കാരിക സംഘടനകളേയും പ്രസ്ഥാനങ്ങളേയും സംബന്ധിക്കുന്ന വാർത്തകൾക്കും ലേഖനങ്ങൾക്കും പ്രത്യേകം പ്രാധാന്യം കൊടുത്തു പോന്നിട്ടുള്ള ഒരു പാരമ്പര്യമാണ് മാതൃഭൂമിക്കുള്ളതു്.

സംഭ്രമജനകമായ വാർത്തകൾക്ക് പ്രാധാന്യം നൽകി വായനക്കാരെ അമ്പരപ്പിക്കുകയോ, പരദൂഷണ പ്രധാനമായ വാർത്തകൾ പ്രകാശിപ്പിക്കുകയോ, മാതൃഭൂമിയുടെ സമ്പ്രദായമല്ല. കഴിഞ്ഞ അര നൂറ്റാണ്ടു കാലത്തെ കേരളത്തിലെ സാംസ്കാരികോത്ഥാനത്തിൽ മാതൃഭൂമി മഹത്തായ പങ്കു വഹിച്ചിട്ടുണ്ട്. നിഷ്പക്ഷമായി വസ്തുതകൾ വിലയിരുത്തുന്ന ഒരു ചരിത്ര വിദ്യാർത്ഥിക്കു് ഇതു സമ്മതിക്കാതെ തരമില്ല. കേരളത്തിലെന്നല്ല, ഭാരതത്തിൽ മലയാളികൾ എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം മലയാളികളായ ജനലക്ഷങ്ങളുടെ ധൈഷണിക ചക്രവാളം വിജ്ഞാന ദീപ്തമാക്കി വിരാജിക്കുന്ന ഉജ്ജ്വല താരമാണ് മാതൃഭൂമി.

മാതൃഭൂമിയിലെ വാർത്താ പംക്തിമാത്രമല്ല അതിലെ മുഖ പ്രസംഗങ്ങളും ഞാൻ ശ്രദ്ധാപൂർവ്വം വായിക്കാറുണ്ട്. വേണ്ടാത്ത ചൂട് അവയിൽ കാണാറില്ല. ചൂടിനേക്കാൾ വെളിച്ചം നൽകുന്നതിനാണ് ശ്രദ്ധിക്കാറുള്ളതു്. എനിക്കു് യോജിക്കാൻ നിവൃത്തിയില്ലാത്ത അഭിപ്രായങ്ങൾ അവയിൽ പ്രകടമാകുമ്പോഴും, അഭിപ്രായ പ്രകടനത്തിൽ ദീക്ഷിക്കാറുള്ള സമചിത്തതയും പ്രതിപക്ഷ ബഹുമാനവും എന്നെ പ്രത്യേകം ആകർഷിച്ചിട്ടുണ്ട്. മാതൃഭൂമിയുടെ മുഖപ്രസംഗങ്ങൾ സമീപന രീതിയിലും പ്രതിപാദനരീതിയിലും മാതൃകാപരമാണെന്നു പറയാൻ ഞാൻ ഒട്ടും മടിക്കുന്നില്ല.

Greetings from:

M/s. ELECTRO PRODUCTS
INDUSTRIAL ELECTRO PLATERS
Inustrial Estate
MUDICAL P. O.
PERUMBAVOOR

Phone: 270, 452 Grams: Electrodex